**Volume 07**
**Issue 01**
**29 May, 2016**
**Sleehakalam III**




**Deut. 1:5-8**
**Is. 1:1-9**
**1 Cor. 7:1-7**
**Lk. 10:25-37**

# ഞാൻ നല്ലൊരു അയൽക്കാരൻ ആണോ

**Rev Bro Michael Kappalumackal**

തികച്ചും സ്വാകര്യ താൽപര്യങ്ങളിലേക്ക് ഒതുങ്ങികൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ലൗകികസുഖഭോഗങ്ങൾ ആസ്വദിക്കാനുള്ള പ്രലോഭനങ്ങളിൽ കുടുങ്ങി സമ്പത്തും അധികാരങ്ങളും സ്വന്തമാക്കാനുള്ള ഓട്ടത്തിൽ ധാർമ്മിക മൂല്യങ്ങൾ ചവിട്ടിമെതിക്കുകയും സ്വാർത്ഥയുടെ തുരുത്തുകളിൽ മനുഷ്യൻ ഒറ്റപ്പെട്ടുപോകുന്ന കാഴ്ചയും ഇന്ന് വിരളമല്ല. റോഡപകടങ്ങളിൽ പെട്ട് ചോര വാർന്ന് വഴിയരികിൽ കിടക്കുമ്പോൾ സഹായിക്കാനാരുമില്ലാതെ മരിക്കുന്നവരുടെ വാർത്തകൾ നിത്യവും കാണുന്ന ഒരു സമൂഹമാണ് നമ്മുടേത്. പലവിധകാരണങ്ങളാൽ ആരും സഹായിക്കാനില്ലാതെ അനേകം പേർ ആത്മഹത്യ ചെയ്യുന്ന നാടാണ് നമ്മുടേത്. ഇവിടെ ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നൽകുന്ന പ്രബോധനങ്ങൾക്ക് അർത്ഥവും പ്രസ്ക്തിയും ഏറുകയാണ്.

അയൽക്കാരൻ ആരെന്ന് ഒരു നിർവചനം കൊടുക്കാൻ യേശു ഉദ്ദേശിച്ചില്ല. പകരം മറ്റുള്ളവരെ സ്നേഹിക്കുക എന്ന ഉത്തരവാദിത്വത്തെയാണ് ഈ സുവിശേഷത്തിലൂടെ ഈശോ എടുത്ത് കാട്ടുന്നത്. പലപ്പോഴും അപരന്റെ വേദനകൾ മറന്ന് ദൃഷ്ടികൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തുന്നവരാണ് നാം. എന്നാൽ നീ ചെയ്യുന്നത് നിന്റെ ദൃഷ്ടികൾ സ്വർഗ്ഗത്തിൽ നിന്ന് പറിച്ച് ഭൂമിയിലേക്ക് നോക്കുക. അവിടെ നമ്മുടെ ഈശോ മുറിവേറ്റ് കിടക്കുന്നത് കാണാൻ കഴിയും. പലപ്പോഴും മറ്റുള്ളവരെ മറന്ന്കൊണ്ട് സമൂഹത്തിൽ മാന്യത നേടാൻ ആഗ്രഹിക്കുന്നവരാണ് നാം. പലപ്പോഴും അപരന്റെ കഷ്ടപ്പാടുകൾക്ക് നേരെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്ന നമ്മുടെ ജീവിതത്തിൽ ഉയർന്ന ചോദ്യമാണ്. ഞാൻ നല്ലൊരു അയൽക്കാരൻ ആണോ എന്ന്.

ഈശോ പറയുന്നു, നീയാണ് നിന്റെ സഹോദരന്റെ കാവൽക്കാരൻ. ആവശ്യക്കാരന് അയൽക്കാരനാവേണ്ടത് നീ തന്നെയാണ്. പങ്കുവയ്ക്കപ്പെടാത്ത ധനവും, പകർന്നു കൊടുക്കാത്ത അറിവും, പാവങ്ങളുടെ പക്ഷം ചേരാത്ത അധികാരവും നന്മയ്ക്ക് ഉപകരിക്കില്ല. പ്രപഞ്ചത്തിലെ സകല ജീവജാലകങ്ങളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പരസ്പരം നന്മയ്ക്കുവേണ്ടിയാണെങ്കിൽ നമ്മുടെ ജീവിതവും മറ്റുള്ളവർക്ക് പരോപകാരം ചെയ്യുന്നതിനുവേണ്ടിയാണെന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയണം. തന്റെ സഹായം ആവശ്യമുള്ള ഏതൊരുവനും ഒരുവന്റെ അയൽക്കാരനാണ്. ഈശോ തന്റെ പ്രവർത്തികളിലൂടെയാണ് സ്നേഹം പ്രകടിപ്പിച്ചത്. ആവശ്യക്കാരൻ ഏത് ജാതിക്കാരനാണെന്നോ, ശത്രുവാണെന്നോ, മിത്രമാണെന്നോ നോക്കേണ്ട ആവശ്യമില്ല. മറിച്ച് സ്നേഹം ആവശ്യമുള്ളവന് സ്നേഹം കൊടുക്കുക. ക്രിസ്തുവിന്റെ അനുയായികളായ നമ്മുടെ കടമായണ് മറ്റുള്ളവരെ സ്നേഹിക്കുക എന്നത്. നാം എപ്രകാരമാണ് ദൈവത്തെ സ്നേഹിക്കുക? സഹോദ

രനെ സ്നേഹിക്കാത്തവന് ദൈവത്തെ സ്നേഹിക്കാൻ സാധ്യമല്ല. സഹോദരസ്നേഹത്തിലൂടെയാണ് നാമെല്ലാം ദൈവത്തെ സ്നേഹിക്കുക. ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും അതുമാത്രമാണ്. സ്നേഹം കേവലം വൈകാരികമല്ല. പ്രവർത്തിപരമാണ്. നമ്മുടെ പ്രവർത്തികളിലൂടെയാണ് സ്നേഹം പ്രകടമാക്കുക എന്നാണ് ഈശോ പഠിപ്പിച്ചത്.

എത്രയോ സൈനികരാണ് തങ്ങളുടെ മാതൃരാജ്യത്തെ സംരക്ഷിക്കാനും തങ്ങളുടെ സഹോദരങ്ങളുടെ ജീവനുവേണ്ടി സ്വന്തം ജീവൻ ബലിയായികൊടുത്തത്. ഇവിടെയെല്ലാം നാം കാണുക വൈകാരിക സ്നേഹമല്ല. മറിച്ച് സ്നേഹത്തിന്റെ പ്രകടനമാണ്. സുവിശേഷ ഭാഗത്തും നാം കാണുന്നത് സ്വന്തം സമയവും, ബുദ്ധിമുട്ടും മാറ്റിവെച്ച് അപരനെ സ്നേഹിക്കുന്ന വ്യക്തിയെയാണ്. പലപ്പോഴും നമ്മുടെ സ്നേഹം അർഹിക്കുന്നവർക്ക് കിട്ടാറില്ല. തിരിച്ചും കിട്ടും എന്ന് കരുതി മറ്റുള്ളവരെ സ്നേഹിക്കുന്നവരാകരുതെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു. ഈശോയുടെ സ്നേഹത്തിന് നിബന്ധനകളില്ലായിരുന്നു. പക്ഷേ നിബന്ധനകൾ വെച്ചുകൊണ്ട് മറ്റുള്ളവരെ സ്നേഹിക്കുന്നവരാണ് നാം.

എത്രയോ ആൾക്കാരാണ് സഹായത്തിനായി നമ്മുടെ മുമ്പിൽ വരുന്നത്. പക്ഷേ അവരുടെ മുമ്പിൽ നമ്മുടെ വീടിന്റെ വാതിലുകൾ കൊട്ടി അടയ്ക്കപ്പെടുകയാണ് ചെയ്യുക. എന്നാൽ തന്റെ മുമ്പിൽ വന്ന ഏതൊരുവനെയും ഉപേക്ഷിക്കാതെ മാറോട് ചേർത്തവനാണ് ഈശോ. എത്ര വലിയ ജനക്കൂട്ടത്തിനിടയിലും അവന്റെ കണ്ണുകളും, കാതുകളും ആവശ്യക്കാരനെ തിരിച്ചറിഞ്ഞു. നഷ്ടപ്പെടാൻ, അകമഴിഞ്ഞ് സ്നേഹിക്കാൻ, സേവിക്കാൻ, ക്ഷമിക്കാൻ, കരുണകാണിക്കാൻ ഈശോ നമ്മോട് ആഹ്വാനം ചെയ്യുകയാണ്. നല്ല സമരിയാക്കാരനെ അനുകരിച്ചുകൊണ്ട്, യാത്രാമധ്യേ, യാത്രാലക്ഷ്യം മറന്നുകൊണ്ട് വേദനിക്കുന്ന സഹോദരനെ കണ്ടെത്താനും, മനസ്സലിവു കാണിക്കാനും, അടുത്തുചെല്ലാനും, എണ്ണയും വീഞ്ഞുമൊഴിച്ച് അവന്റെ മുറിവുകൾ വച്ചുകെട്ടാനും, സ്വന്തം വാഹനത്തിൽ കയറ്റി സത്രത്തിൽ കൊണ്ട് ചെന്ന് ശുശ്രൂഷിക്കാനും, കൂടെവസിക്കാനും, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതും ചെയ്ത് കൊടുക്കാനും നമ്മുക്ക് കഴിയണം.

വി. കുർബാനയിലൂടെ ഈശോ പഠിപ്പിക്കുന്നത് പങ്കുവെയ്ക്കലിന്റെ സ്നേഹമാണ്. സ്വന്തം ജീവൻ നമ്മുക്കായി നൽകിയവനാണ് ഈശോ. ആകയാൽ പ്രിയമുള്ളവരെ നല്ല സമരിയാക്കാരനെപോലെ മറ്റുള്ളവരെ സ്നേഹിക്കാനും അതുവഴി ഈശോ വി. കുർബാനയിലൂടെ നമ്മെ സ്നേഹിക്കുന്നതുപോലെ അവിടുത്തോടുകൂടി ഒന്നായിരിക്കുവാനും നമ്മുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.